(സി) സർവ്വകലാശാലാ നിയമങ്ങളും സിലബസും സ്കീമും കർശനമായി പാലിച്ച് സർവ്വകലാശാല നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ സന്നിദ്ധ്യത്തിലും അതതു രാജ്യങ്ങളുടെ എംബസിയുടെ ഉത്തരവാദിത്തത്തിലും ആണ് കോഴ്സുകൾ നടത്തുന്നത്.

അന്ധവിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ സോഫ്റ്റ് വെയർ

* 21 [354] ശ്രീ. ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പഠന പദ്ധതി പ്രകാരം അന്ധ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷയ്ക്കായി പ്രത്യേക സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്തത് ആരാണ്;

(സി) ഇത് വിദ്യാഭ്യാസ വിദഗ്ദ്ധർ അംഗീകരിച്ചിരുന്നോ; എങ്കിൽ ഇതിനായി രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു.

(ഡി) ഈ സോഫ്റ്റ് വെയർ മലയാളം മീഡിയം കുട്ടികൾക്കുകൂടി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ളതാണോ;

(ഇ) കഴിഞ്ഞ വർഷം പരീക്ഷയ്ക്ക് എത്ര ദിവസം മുമ്പാണ് ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ തീരുമാനിച്ചത്;

(എഫ്) ഈ സോഫ്റ്റ് വെയറിൽ കുട്ടികൾക്ക് എത്ര ദിവസത്തെ പരിശീലനം നൽകിയെന്നും അദ്ധ്യാപകർക്ക് എത്ര ദിവസത്തെ പരിശീലനം നൽകിയെന്നും വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇല്ല. അന്ധ വിദ്യാർത്ഥികൾക്ക് സോഫ്റ്റ് വെയർ ഉപയോഗിച്ചല്ല പരീക്ഷ നടത്തിയത്. റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ ലഘുവായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ നടത്തിയത്.

(ബി—എഫ്) ഉദിക്കുന്നില്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നോൺ വൊക്കേഷണൽ കോഴ്സുകൾ

* 22 [355] ശ്രീ. എ. സി. മൊയ്തീൻ:
,, എ. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നോൺ വൊക്കേഷണൽ കോഴ്സുകൾ പഠിപ്പിക്കുന്നതുമൂലം കേന്ദ്ര ഗവൺമെന്റ് ഈ സ്കൂളുകൾക്ക് പഠനത്തിനാവശ്യമായ ഗ്രാന്റ് നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളിൽ പി. എസ്. സി. അംഗീകാരം ഇല്ലാത്തവ ഏതൊക്കെ;

(സി) അംഗീകാരം ഇല്ലാത്ത കോഴ്സുകൾക്ക് പി. എസ്. സി. അംഗീകാരം നേടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) നോൺ വൊക്കേഷണൽ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുകയില്ല. മാത്രമല്ല വൊക്കേഷണൽ സ്കൂൾ ആരംഭിച്ചുകഴിഞ്ഞാൽ അഞ്ചുവർഷം മാത്രമേ കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുകയുള്ളൂ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

കരാർ പണികളിൽ വീഴ്ച വരുത്തുന്ന കോൺട്രാക്ടർമാർ

* 23 [356] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിൽനിന്നും കരാർ ഏറ്റെടുത്തിട്ട് വർഷങ്ങളായി പണി പൂർത്തിയാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ കരാർ ഏറ്റെടുക്കുന്ന കോൺട്രാക്ടർമാർക്ക് സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ:

(സി) ഇതിൽ വീഴ്ചവരുത്തുന്ന കോൺട്രാക്ടർമാർക്ക് വീണ്ടും കരാറുകൾ നൽകാതെ, സമയബന്ധിതമായി പൂർത്തിയാക്കുന്ന കോൺട്രാക്ടർമാർക്ക് മാത്രം കരാറുകൾ നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly